(ഇ) വാട്ടർ കണക്ഷൻ നൽകുന്നതിന് ഇപ്പോഴും നിരോധനം തുടരുന്ന വർക്കല മണ്ഡലത്തിലെ പഞ്ചായത്തുകളും മറ്റു പ്രദേശങ്ങളും ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗാർഹിക ആവശ്യത്തിന് ഇപ്പോൾ പൂർണ്ണമായ നിരോധനമില്ല (മുമ്പ് ജല ദൗർലഭ്യംമൂലം കണക്ഷനുകൾ പൂർണ്ണമായും നിറുത്തിവച്ചിരുന്നു. പൊതുജന സമ്മർദ്ദത്തെത്തുടർന്ന് ചില ഉപാധികൾക്കനുസരണമായി ജല ദൗർലഭ്യം അധികം രൂക്ഷമല്ലാത്ത സ്ഥലങ്ങളിൽ ഗാർഹിക കണക്ഷനുകൾ കൊടുക്കുന്നുണ്ട്.)

(ബി) 1993 മുതൽ വാട്ടർ കണക്ഷൻ നൽകുന്നതു നിറുത്തിവച്ചിരുന്നു. ഇപ്പോൾ ചില ഉപാധികൾക്കനുസരണമായി ജല ദൗർലഭ്യം അധികം രൂക്ഷമല്ലാത്ത സ്ഥലങ്ങളിൽ ഗാർഹിക കണക്ഷനുകൾ കൊടുക്കുന്നുണ്ട്.

(സി) ഇപ്പോൾ പണി നടന്നുവരുന്ന വർക്കല വാട്ടർ സപ്ലൈ സ്കീം പൂർത്തിയാകുമ്പോൾ നിലവിലുള്ള നിരോധനം അവസാനിപ്പിക്കാൻ കഴിയും.

(ഡി) വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള അധികാരം വാട്ടർ അതോറിട്ടിക്കാണ്.

(ഇ) ഇടവ, വടശ്ശേരിക്കോണം, നാവായിക്കുളം, മടവൂർ, വെട്ടിമൻകോണം, മണമ്പൂർ, ശ്രീനിവാസപുരം എന്നീ പ്രദേശങ്ങളിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് ഇപ്പോഴും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

67 (2758) മലപ്പുറം ജില്ലയിലെ ജല വിതരണ പദ്ധതി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പണി പൂർത്തിയാകാത്ത എത്ര ശുദ്ധജല വിതരണ പദ്ധതികൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) ഇതിന്റെ പണിയുടെ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇത് എന്നത്തേയ്ക്ക് പൂർത്തിയായി ജല വിതരണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) മലപ്പുറം ജില്ലയിൽ പണി പൂർത്തിയാകാത്ത 25 ശുദ്ധജല വിതരണ പദ്ധതികൾ ഉണ്ട്. പദ്ധതിയുടെ പേര്, പുരോഗതി, അവ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന തീയതി എന്നിവ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly